മുല്ലപ്പെരിയാർ അണക്കെട്ട്

140 (2349) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഉത്തരവ് കേരളത്തിന് അനുകൂലമാണോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കേരളം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിലേക്കായി പരിസ്ഥിതി ആഘാതപഠനം (EIA Study) നടത്തുന്നതിനുവേണ്ട നിരാക്ഷേപപത്രത്തിനുള്ള (NOC യ്ക്കുള്ള) നിർദ്ദേശം കേരള സർക്കാർ വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ടി നിർദ്ദേശം നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് (NBWL) ന്റെ 31-ാം സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിഗണിക്കുകയുമുണ്ടായി. പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ആഘാതപഠനത്തിന് മാത്രമുള്ള നിർദ്ദേശമെന്ന നിലയിൽ സംസ്ഥാനത്തിന്റെ അപേക്ഷ, NBWL-ന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശയുടെയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 26-9-2014-ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരിസ്ഥിതി ആഘാത പഠനത്തിനുള്ള അനുമതി നൽകുകയുമുണ്ടായി. പരിസ്ഥിതി ആഘാതപഠന ത്തിനുള്ള അനുമതിയുടെ കൂടെ പഠനത്തിന്റെ രൂപരേഖയ്ക്ക് (TOR) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം കൂടെ വേണമെന്നുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അംഗീകാരത്തിനുള്ള അപേക്ഷയും കേരളം സമർപ്പിച്ചിരുന്നു.

കേരളം സ്വീകരിച്ചുവരുന്ന പര്യവേഷണ ജോലികളും പരിസ്ഥിതി ആഘാതപഠനവും നിർത്തിവെയ്ക്കണമെന്ന കാര്യത്തിൽ ഉത്തരവുണ്ടാകണമെന്ന അപേക്ഷിച്ചുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഇടക്കാല ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ടി ഹർജിയിന്മേൽ അന്തിമ തീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരളം സമർപ്പിച്ച ശുപരേഖ (TOR) അംഗീകരിക്കുന്നതിന്, സംസ്ഥാനം ലഭ്യമാക്കിയ അപേക്ഷ 4-6-2015-ൽ ചേർന്ന യോഗത്തിൽ പരിഗണനയ്ക്കായി എടുത്തിരുന്നു. എന്നാൽ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതില്ലെന്ന് Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കേരളത്തിന്റെ നിർദ്ദേശം കാലതാമസം കൂടാതെ അംഗീകരിച്ചുകിട്ടുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും ; അതീവ ജാഗ്രതയോടെയും നിയമവിദഗ്ധരുമായി കൂടിയാലോചിച്ചും താമസംവിനാ സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

(സി) പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാതപഠനം (EIA) തുടങ്ങുവാനുള്ള നിയമാനുസരണ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന് അതീവ ജാഗ്രതയോടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുവാനാണ് ഉദ്ദേശിക്കുന്നത്.

അച്ചൻകോവിലാറ്റിലെ തടയണ, സംരക്ഷണഭിത്തി നിർമ്മാണം

141 (2350) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറ്റിൽ തടയണ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) അനുവദിക്കപ്പെട്ട തുക അച്ചൻ കോവിലാറിന്റെ തീരസംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും വകമാറ്റുന്നതിനും വകുപ്പുതല റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(സി) അച്ചൻകോവിലാറ്റിൽ കോടത്തോടിന്റെ പതനമുഖം സംരക്ഷണഭിത്തി കെട്ടുന്നതിന് തുക വകമാറ്റി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ - സി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 416/WRD dated 25-4-2014 പ്രകാരം മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻകടവിനുസമീപം ചെക്ക് ഡാം നിർമ്മിക്കുന്നതിന് 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത ചെക്ക് ഡാം നിർമ്മിച്ചാൽ ആറന്മുള ഉത്രട്ടാതി വള്ളംകളിക്ക് പള്ളിയോടം

LIBRARY ARCHIVES Kerala Legislative Assembly